**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **31-08-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ മേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മേഖലയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് -മുക്കം, ആലപ്പുഴ - ഹരിപ്പാട് , തിരുവനന്തപുരം -വിളപ്പിൽശാല, കണ്ണൂർ - നടുവിൽ, പിണറായി എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക്ക് കോളേജുകൾ ആരംഭിയ്ക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | AICTE മാനദണ്ഡപ്രകാരം പുതിയ പോളിടെക്നിക്ക് ആരംഭിയ്ക്കുന്നതിന് പ്രാഥമികമായി നഗര മേഖലയിൽ ആണെങ്കിൽ 1.5 ഏക്കർ, ഗ്രാമീണ മേഖലയിലാണെങ്കിൽ 4 ഏക്കർ സ്ഥലം ആവശ്യമാണ് സ്ഥാപനത്തിന് സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടങ്ങളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ് |
| (സി) | വാമനപുരം മണ്ഡലത്തിൽ പാലോട് കേന്ദ്രമായി പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വാമനപുരം മണ്ഡലത്തിൽ പാലോട് കേന്ദ്രമായി പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നതിനുള്ള പ്രാഥമിക റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പോളിടെക്നിക്ക് ആരംഭിയ്ക്കുമ്പോൾ സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്ര എന്നത് ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ